പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1802 — 10.02.2020-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിലെ തൊഴിലാളി യൂണിയനുകളുടെ റഫറണ്ടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. തൊഴിലാളി യൂണിയനുകളുടെ റഫറണ്ടം നടത്തേണ്ട തീയതി സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. ലേബർ കമ്മീഷണർക്ക് കത്ത് നൽകിയിരുന്നോ; എങ്കിൽ ആരാണ് കെ.എസ്.ആർ.ടി.സിയുടെ പേരിൽ കത്ത് നൽകിയതെന്നും എന്നാണ് പ്രസ്തുത കത്ത് നൽകിയതെന്നും അറിയിക്കുമോ; | (എ) | നൽകിയിരുന്നു.<br>ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. 28-6-2019 ന് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | ലേബർ കമ്മീഷണറുടെ ഓഫീസിൽ നിന്ന് കെ.എസ്.ആർ.ടി.സി. ക്ക് മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്ന് അറിയിക്കാമോ; ഈ തീയതി മുതൽ കെ.എസ്.ആർ.ടി.സി. റഫറണ്ടം നടത്തുന്നതുമായി ബന്ധപ്പെട്ട് നടത്തിയ കത്തിടപാടുകളുടെ വിവരം തീയതി സഹിതം വെളിപ്പെടുത്തുമോ; | (ബി) | ലഭിച്ചിട്ടുണ്ട്.<br>22.11.2019 തീയതിയിൽ നടന്ന ഹിയറിങ്ങിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ. ടി. സി. യിൽ പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് തൊഴിലാളി സംഘടനകളുടെ വിവരങ്ങൾ ലഭ്യമാക്കുവാൻ രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻ & ലേബർ കമ്മിഷണർ 03.12.2019 ലെ കത്ത് പ്രകാരം കോർപറേഷനെ അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 19.12.2019 ലെ കത്ത് പ്രകാരം കോർപറേഷനിൽ പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് തൊഴിലാളി സംഘടനകളുടെ വിവരങ്ങൾ രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻ & ലേബർ കമ്മിഷണർക്ക് കോർപറേഷൻ കൈമാറുകയുണ്ടായി.<br>ബഹു. കേരള ഹൈക്കോടതിയുടെ 24.1.2020 ലെ W.P(C) 34676/2019(H) നമ്പർ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.യിലെ ഹിത പരിശോധനയുമായി ബന്ധപ്പെട്ട് ടൈം ഷെഡ്യൂൾ തയാറാക്കി ലഭ്യമാക്കുവാനും |

| | | | |
|---|---|---|---|
| | | | 29.1.2020 ലെ കത്ത് പ്രകാരം കോർപറേഷൻ രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻ & ലേബർ കമ്മിഷണറെ അറിയിച്ചിരുന്നു. ആയതിൻ പ്രകാരം 30.1.2020 ലെ കത്ത് പ്രകാരം ലേബർ കമ്മിഷണർ ഹിതപരിശോധനയുമായി ബന്ധപ്പെട്ട് ടൈം ഷെഡ്യൂൾ കോർപ്പറേഷന് കൈമാറുകയുണ്ടായി. |
| (സി) | തൊഴിലാളി യൂണിയനുകളുടെ റഫറണ്ടം നടത്തുന്നത് നീട്ടിക്കൊണ്ട് പോകുന്നത് ജനാധിപത്യ സംവിധാനത്തിന് യോജിച്ചതല്ലാത്തതിനാൽ 2020 ഫെബ്രുവരി 29 ന് റഫറണ്ടം നടത്താൻ കർശന നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (സി) | കെ. എസ്. ആർ. ടി. സി. യിലെ യൂണിയനുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള ഹിതപരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വികരിക്കണമെന്ന് ലേബർ കമ്മീഷണർക്ക് കോർപറേഷൻ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഹിതപരിശോധന സംബന്ധിച്ച നടപടികൾ നടന്നു വരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 20.2.2020 തീയതിയിൽ റിട്ടേണിംഗ് ഓഫീസറെ നിയമിക്കുന്നതാണെന്നും രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻ & ലേബർ കമ്മിഷണർ കോർപ്പറേഷനെ അറിയിച്ചിട്ടുണ്ട്. റിട്ടേണിംഗ് ഓഫീസറുടെ നിർദ്ദേശപ്രകാരം കോർപ്പറേഷനിൽ ഹിതപരിശോധന നടത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**